പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2074 | 07.03.2017 ൽ മറുപടിക്ക്

## പൊതു ആരോഗ്യ സംവിധാനം മാറ്റിയെടുക്കുന്നതിന് നടപടികൾ

| ചോദ്യം<br>ശ്രീ.കെ.സി.ജോസഫ്<br>,, അടൂർ പ്രകാശ്<br>,, കെ.മുരളീധരൻ | | ഉത്തരം<br>ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | ബ്രിട്ടനിലെ നാഷണൽ ഹെൽത്ത് സർവ്വീസിന് സമാനമായി നമ്മുടെ പൊതു ആരോഗ്യ സംവിധാനം മാറ്റിയെടുക്കുന്നതിന് എന്തൊക്കെ നടപടികളാണ് ഇതിനകം സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ; | (എ) | ആർദ്രം മിഷന്റെ ഭാഗമായി ജില്ലാതല/താലൂക്ക്തല ആശുപത്രികളിൽ നിശ്ചിതമാനദണ്ഡങ്ങളോടെ സൗകര്യങ്ങൾ ക്രമീകരിക്കാൻ പ്രൊപ്പോസലുകൾ സർക്കാരിന്റെ പരിഗണനയിലാണ്. പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ ഘട്ടംഘട്ടമായി കുടുംബാരോഗ്യ കേന്ദ്രമാക്കി മാറ്റാനും ലക്ഷ്യമിടുന്നുണ്ട്. ആദ്യ ഘട്ടമെന്ന നിലയ്ക്ക് സംസ്ഥാനത്തെ വിവിധ വികസന ബ്ലോക്കുകൾ/അസംബ്ലിമണ്ഡലങ്ങൾ ഉൾക്കൊള്ളുന്ന രീതിയിൽ 170 പി.എച്ച്.സികളെ ഇതിനായി തെരഞ്ഞെടുത്തിട്ടുണ്ട്. ഒരു കുടുംബത്തിലെ എല്ലാപേർക്കും പ്രാഥമികാ ചികിത്സ ലഭ്യമാക്കുന്ന രീതിയിൽ പി.എച്ച്.സികളുടെ പ്രവർത്തനം വിപുലപ്പെടുത്താൻ ആലോചിക്കുന്നതാണ്. ഈ കേന്ദ്രങ്ങളിൽ അധിക സ്റ്റാഫിനെ നിയമിക്കുകയും സൗകര്യങ്ങൾ വിപുലപ്പെടുത്തുകയും ജീവനക്കാർക്ക് പരിശീലനം നൽകുന്നതുമാണ്. |
| (ബി) | ജനറൽ ആശുപത്രികളിൽ കാത്ത് ലാബും, താലൂക്ക് ആശുപത്രികളിൽ ഡയാലിസിസ് യൂണിറ്റും ആരംഭിക്കുന്ന പദ്ധതി എത്ര ആശുപത്രികളിൽ നടപ്പിലാക്കിയെന്ന് വിശദമാക്കാമോ; | (ബി) | കാത്ത് ലാബ് തുടങ്ങുവാൻ തീരുമാനിച്ചിട്ടുള്ള ആശുപത്രികളുടെ വിവരങ്ങൾ അനുബന്ധം I ആയി ചേർത്തിരിക്കുന്നു.<br>നിലവിലുള്ള ഡയാലിസിസ് യൂണിറ്റുകളുടെയും പുതുതായി ആരംഭിക്കുവാൻ നിശ്ചയിച്ചിട്ടുള്ളവയുടേയും വിവരങ്ങൾ അനുബന്ധം II ആയി ചേർത്തിരിക്കുന്നു. |
| (സി) | പ്രസ്തുത ആശുപത്രികളിൽ ഇതിനായുള്ള സ്പെഷ്യലിസ്റ്റ് ഡോക്ടർമാരുടെ സേവനം ഉറപ്പാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിന് അടിയന്തിര നടപടി സ്വീകരിക്കുമോ? | (സി) | സ്വീകരിക്കുന്നതാണ്. |

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്

സെക്ഷൻ ഓഫീസർ